**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 235** **12-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് - 19**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ . ബാബു** | | **Smt. K. K .Shailaja Teacher<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് എത്ര പുതിയ ആശുപത്രികളാണ് തുടങ്ങിയതെന്ന് വിശദമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ ടാറ്റാ ഗ്രൂപ്പ് സൗജന്യമായി നിർമ്മിച്ച് സർക്കാരിന് കൈമാറിയ ആശുപത്രി കോവിഡ് ആശുപത്രിയായാണ് ആരംഭിച്ചത്. ടി ആശുപത്രിക്കായ് 191 തസ്തികകൾ സൃഷ്ടിച്ചിരുന്നു. കൂടാതെ കാസറഗോഡ് മെഡിക്കൽ കോളേജിന്റെ പൂർത്തിയാക്കിയ അക്കാദമി ബ്ലോക്കിലെ സംവിധാനങ്ങൾ കൊറോണ രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിൽസിക്കുന്നതിനുമായി വിനിയോഗിക്കുകയും അതിന്റെ ഭാഗമായി 91 അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ 273 തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ നിയമിച്ചു. സംസ്ഥാനത്ത് ആകെ 12 സർക്കാർ സ്ഥാപനങ്ങളിലും 17 സ്വകാര്യ സ്ഥാപനങ്ങളിലും CBNAT പരിശോധനയും, 24 സർക്കാർ സ്ഥാപനങ്ങളിലും, 48 സ്വകാര്യ സ്ഥാപനങ്ങളിലുമായി RTPCR പരിശോധനയും, 29 സർക്കാർ സ്ഥാപനങ്ങളിലും, 46 സ്വകാര്യ സ്ഥാപനങ്ങളിലുമായി TRUENAT പരിശോധനയും, 1365 സർക്കാർ സ്ഥാപനങ്ങളിലും, 665 സ്വകാര്യ സ്ഥാപനങ്ങളിലായി ആന്റിജൻ പരിശോധനയും, 17 സ്വകാര്യ സ്ഥാപനങ്ങളിലായി XPERT പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ 157 ഇടങ്ങളിൽ സർക്കാർ സ്റ്റെപ്പ് കിയോസ്കുകളും 72 ഇടങ്ങളിൽ സ്വകാര്യ സ്റ്റെപ്പ് കിയോസ്കുകളും പ്രവർത്തിക്കുന്നു (ആകെ 229). കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അവരുടെ ചികിത്സയ്ക്കായി രോഗ തീവ്രതയനുസരിച്ച് പല തലങ്ങളിലുള്ള ചികിത്സാ സൗകര്യങ്ങളായ CFLTC, CSLTC, കോവിഡ് ആശുപത്രികൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. രോഗ ലക്ഷണമില്ലാത്തവരെ വീടുകളിൽ തന്നെ പാർപ്പിച്ച് ദിവസേന നിരീക്ഷിക്കുകയും രോഗലക്ഷണങ്ങൾ |

| | | | |
|---|---|---|---|
| | | | പ്രകടിപ്പിക്കുന്നവരെ ഉടൻ തന്നെ രോഗതീവ്രതയനുസരിച്ച് CFLTC, CSLTC, കോവിഡ് ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. രോഗമുക്തി നേടിയവർക്ക് അനുബന്ധ രോഗ ലക്ഷണങ്ങൾ ഉണ്ടാകുകയാണെങ്കിൽ (പോസ്റ്റ് കോവിഡ് സിൻഡ്രോം) പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക്, ജില്ലാ, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലൂടെ ആവശ്യമായ ചികിത്സ നൽകി വരുന്നു. |
| (ബി) | കോവിഡ് ടെസ്റ്റ് നടത്തുന്നതിനും കോവിഡ് രോഗികളുടെ പരിചരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | കാസർഗോഡ് ജില്ലയിൽ ടാറ്റാ ഗ്രൂപ്പ് സൗജന്യമായി നിർമ്മിച്ച് സർക്കാരിന് കൈമാറിയ ആശുപത്രി കോവിഡ് ആശുപത്രിയായാണ് ആരംഭിച്ചത്. ടി ആശുപത്രിക്കായ് 191 തസ്തികകൾ സൃഷ്ടിച്ചിരുന്നു. കൂടാതെ കാസറഗോഡ് മെഡിക്കൽ കോളേജിന്റെ പൂർത്തിയാക്കിയ അക്കാദമി ബ്ലോക്കിലെ സംവിധാനങ്ങൾ കൊറോണ രോഗികളെ ഐസൊലേറ്റ് ചെയ്യുന്നതിനും ചികിൽസിക്കുന്നതിനുമായി വിനിയോഗിക്കുകയും അതിന്റെ ഭാഗമായി 91 അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ 273 തസ്തികകൾ സൃഷ്ടിച്ച് ആവശ്യമായ ജീവനക്കാരെ നിയമിച്ചു. സംസ്ഥാനത്ത് ആകെ 12 സർക്കാർ സ്ഥാപനങ്ങളിലും 17 സ്വകാര്യ സ്ഥാപനങ്ങളിലും CBNAT പരിശോധനയും, 24 സർക്കാർ സ്ഥാപനങ്ങളിലും, 48 സ്വകാര്യ സ്ഥാപനങ്ങളിലുമായി RTPCR പരിശോധനയും, 29 സർക്കാർ സ്ഥാപനങ്ങളിലും, 46 സ്വകാര്യ സ്ഥാപനങ്ങളിലുമായി TRUENAT പരിശോധനയും, 1365 സർക്കാർ സ്ഥാപനങ്ങളിലും, 665 സ്വകാര്യ സ്ഥാപനങ്ങളിലായി ആന്റിജൻ പരിശോധനയും, 17 സ്വകാര്യ സ്ഥാപനങ്ങളിലായി XPERT പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ 157 ഇടങ്ങളിൽ സർക്കാർ സ്റ്റെപ്പ് കിയോസ്കുകളും 72 ഇടങ്ങളിൽ സ്വകാര്യ സ്റ്റെപ്പ് കിയോസ്കുകളും പ്രവർത്തിക്കുന്നു (ആകെ 229). കോവിഡ് രോഗികളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് അവരുടെ ചികിത്സയ്ക്കായി രോഗ തീവ്രതയനുസരിച്ച് പല തലങ്ങളിലുള്ള ചികിത്സാ സൗകര്യങ്ങളായ CFLTC, CSLTC, കോവിഡ് ആശുപത്രികൾ തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. രോഗ ലക്ഷണമില്ലാത്തവരെ വീടുകളിൽ തന്നെ പാർപ്പിച്ച് ദിവസേന നിരീക്ഷിക്കുകയും രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നവരെ ഉടൻ തന്നെ രോഗതീവ്രതയനുസരിച്ച് CFLTC, CSLTC, കോവിഡ് ആശുപത്രികൾ എന്നിവിടങ്ങളിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | റഫർ ചെയ്യുന്നു. രോഗമുക്തി നേടിയവർക്ക് അനുബന്ധ രോഗ ലക്ഷണങ്ങൾ ഉണ്ടാകുകയാണെങ്കിൽ (പോസ്റ്റ് കോവിഡ് സിൻഡ്രോം) പി.എച്ച്.സി, സി.എച്ച്.സി, താലൂക്ക്, ജില്ലാ, മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന പോസ്റ്റ് കോവിഡ് ക്ലിനിക്കുകളിലൂടെ ആവശ്യമായ ചികിത്സ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ